ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ, കൂട്ടിലങ്ങാടി ഗ്രാമ പഞ്ചായത്തിലെ മുഞ്ഞക്കുളത്ത് അർബുദരോഗം വ്യാപിക്കുന്നതായി ആരോഗ്യവകുപ്പിന് പ്രത്യേക റിപ്പോർട്ട് കിട്ടിയിട്ടില്ല. അതേസമയം പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ക്യാൻസർ രോഗവ്യാപനം തടയുന്നതിനും രോഗം കാലേക്കൂട്ടി കണ്ടെത്തുന്നതിനും ആരംഭഘട്ടത്തിൽതന്നെ ചികിൽസ ഉറപ്പുവരുത്തുന്നതിനും സർക്കാർ പദ്ധതികൾ ആവിഷ്ക്കരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി ആർ.സി.സി., മലബാർ ക്യാൻസർ സെന്റർ എന്നിവയ്ക്ക് പുറമെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ദ്ധരെയും സ്വകാര്യ സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് കഴിഞ്ഞ മാസം വിശദമായി ഒരു ചർച്ച നടത്തുകയുണ്ടായി. ഇതനുസരിച്ച് ഓരോ ജില്ലയിലും പ്രധാനപ്പെട്ട ഒരു ആശുപത്രിയിലെങ്കിലും ക്യാൻസർ നിർണ്ണയത്തിനും പ്രാരംഭ ചികിൽസയ്ക്കും സൗകര്യങ്ങൾ ഒരുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ഈ ആശുപത്രികളിലെ തെരഞ്ഞെടുക്കപ്പെട്ട ഡോക്ടർമാർക്ക് ആർ.സി.സി-യിലും മലബാർ ക്യാൻസർ സെന്ററിലും പരിശീലനം നൽകാനും തീരുമാനിച്ചിട്ടുണ്ട്. ഇതിന് പുറമെ പ്രാദേശികമായി പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ക്യാൻസർ നിർണ്ണയ ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും ആസൂത്രണം ചെയ്തിട്ടുണ്ട്. കൂട്ടിലങ്ങാടി പഞ്ചായത്തിലെ മുഞ്ഞക്കുളം പ്രദേശത്തെ കുടിവെള്ളത്തിന്റെ പ്രശ്നമാണ് ബഹുമാനപ്പെട്ട മെമ്പർ എടുത്ത് പറഞ്ഞിട്ടുള്ളത്. കേരളത്തിൽ പൊതുവെ തന്നെ കുടിവെള്ളത്തിന്റെ പ്രശ്നം ഉള്ളതാണ്. ഈ കഴിഞ്ഞ കുറച്ച് മാസങ്ങൾക്ക് മുമ്പ് കൈനകരി ഗ്രാമപഞ്ചായത്തിൽ നടത്തിയതുപോലെയുള്ള ഒരു സർവ്വേയും മെഡിക്കൽ കോളേജിലെ വിദഗ്ദ്ധരായിട്ടുള്ള ഡോക്ടേഴ്സിനെ വച്ച് ഒരു പരിശോധനയും ഒപ്പം രോഗനിർണ്ണയ ക്യാമ്പും നടത്തുന്നതിനെക്കുറിച്ച് ആലോചിക്കാം.

(3) നെൽപ്പാടങ്ങൾ സംരക്ഷിക്കാൻ നടപടി

ശ്രീ. പി. സി. ജോർജ് : സർ, 2008-ലെ കേരള നെൽവയൽ-നീർത്തട സംരക്ഷണ നിയമം സംസ്ഥാനത്തെയും പരിസ്ഥിതിയെയും ഭൂമിയേയും സംരക്ഷിക്കുവാൻ നമ്മൾ വളരെ ആഘോഷമായി പാസ്സാക്കിയതാണ്. 2008 ഡിസംബർ 24-ന് ചട്ടങ്ങൾ ഉണ്ടാക്കിക്കൊണ്ടുള്ള ഗസറ്റ് വിജ്ഞാപനമായി. പക്ഷേ ഒരു സ്ഥലത്തും ഇത് പ്രാവർത്തികമാക്കുവാനുള്ള ശ്രമം നടന്നുകാണുന്നില്ല. 30 കോടി രൂപ ചെലവുള്ള ആക്കുളം കായൽ വികസന പ്രോജക്ടിന്റെ ഉദ്ഘാടനത്തിനെത്തിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അവിടെ നിന്ന് നേരേ നോക്കിയാൽ ആക്കുളം കായലിലെ നികത്തൽ കാണാമായിരുന്നു. എൻ.എച്ച്-നേക്കാൾ വീതിയിൽ ഒരു റോഡ് ശരിയാക്കിക്കൊണ്ടിരിക്കുകയാണ്. ഉദ്ഘാടനചടങ്ങിൽ പങ്കെടുത്ത തിരുവനന്തപുരം എം.എൽ.എ. ശ്രീ. വി. ശിവൻകുട്ടി, ഇത് തടയുമെന്ന് അവിടെ പ്രഖ്യാപിക്കുകയും ചെയ്തു. ഞാൻ ഇന്നലെ അന്വേഷിച്ചപ്പോൾ ഇന്നലേയും നികത്തിക്കൊണ്ടിരിക്കുകയാണ്. ഇതു സംബന്ധിച്ച് ദൃശ്യ മാധ്യമങ്ങൾ മുഴുവൻ വാർത്ത പ്രസിദ്ധീകരിച്ചു. ഞാൻ ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും റവന്യൂ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുമന്ത്രിക്കും പാർലമെന്ററി കാര്യ വകുപ്പുമന്ത്രിക്കും പരാതി കൊടുത്തതാണ്. പരാതി കൊടുത്തിട്ട് മറുപടി തന്നത് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. വിജയകുമാർ മാത്രമാണ്. അങ്ങയോട് നന്ദിയുണ്ട്. ഒരു മറുപടിതന്നു. പക്ഷേ ആ മറുപടി വളരെ വ്യക്തമാണ്. കളക്ടറുമായി ആലോചിച്ച് അവിടെനിന്ന് കിട്ടിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അങ്ങ് തന്ന മറുപടിയാണ്. ഞാൻ ഈ പരാതിയിൽ പറഞ്ഞിരിക്കുന്ന നീർത്തടം മുഴുവൻ തകർത്തുകൊണ്ടുള്ള നികത്തൽ സത്യസന്ധമാണെന്നും ഇത് തടയുന്നതിനുള്ള നടപടി സ്വീകരിച്ചു എന്നുമൊക്കെ ഇതിനകത്ത് പറയുന്നുണ്ട്. ഇന്നലെ നോക്കിയപ്പോഴും നികത്തിക്കൊണ്ടിരിക്കുകയാണ്. ഇതിന് കാരണം എന്താണ്? ഇവിടെ നമ്മൾ നിയമം പാസ്സാക്കിയപ്പോൾ ചട്ടങ്ങൾ പ്രസിദ്ധീകരിച്ചു. അതിൽ പറഞ്ഞിരിക്കുന്നത്. ഗ്രാമതല കമ്മിറ്റികൾ രൂപീകരിക്കും എന്നാണ്. അങ്ങ് ഗ്രാമതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ? അങ്ങ് നിയമം പാസ്സാക്കി ഇതുവരെ ഈ സഭയേയും കേരളത്തിലെ ജനങ്ങളേയും അവഹേളിക്കുകയായിരുന്നു. ആളെ പറ്റിക്കുവാനുള്ള നിയമങ്ങൾ നിങ്ങൾ എന്തിന് ഉണ്ടാക്കുന്നു? ഞാൻ ചോദിക്കട്ടെ, ഡാറ്റാ ബാങ്ക് രൂപീകരിക്കുമെന്ന് പറഞ്ഞു രൂപീകരിച്ചിട്ടുണ്ടോ? ഇപ്പോൾ സംഭവിക്കുന്നത് എന്താണെന്ന് അറിയാമോ? നികത്താൻ ചെല്ലുമ്പോൾ ആർ.ഡി.ഒ. നോട്ടീസ് കൊടുക്കും. ആ നോട്ടീസുമായി ഹൈക്കോടതിയിലേക്ക് പോകും. ഹൈക്കോടതിയിലേക്ക് ചെല്ലുമ്പോൾ നിലം നികത്തുന്ന സമ്പന്നന്മാരുടെ വക്കീലന്മാർ പറയും ഗ്രാമതല കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല, നിയമത്തിന് പ്രാബല്യം ഇല്ല എന്ന്. എനിക്ക് ജഡ്ജിമാരെ അറിയാമല്ലോ? ജഡ്ജ്മെന്റിന് അവധി വച്ചിട്ട് 20 പ്രാവശ്യം മാറ്റിവച്ച ജഡ്ജിമാരുള്ള കേരളമാണ് ഇത്. നമ്മുടെ ഹൈക്കോടതി അതുപോലെയാണ്. അത് നിഷേധിക്കുന്നില്ല. ഇങ്ങനെ കേരള സംസ്ഥാനത്തിലെ നെൽവയൽ തണ്ണീർത്തട മേഖല മുഴുവൻ നികത്താനുള്ള ശ്രമം നടക്കുമ്പോൾ അങ്ങ് മൗനം പാലിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശക്തമായ നടപടികൾ സ്വീകരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എങ്കിലും അതിന് ഒരു തീരുമാനമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സർ, ശ്രീ. പി. സി. ജോർജ് ഇവിടെ എഴുതിത്തന്നത് നെൽവയലിന്റെ കാര്യം മാത്രമാണ്. ആക്കുളം കായൽ നികത്തലിന്റെ കാര്യം എഴുതി തന്നിരുന്നില്ല. എങ്കിലും ഒരു വാക്ക് ഞാൻ പറയാം. ഇതിന്റെ സമിതികൾ രൂപീകരിക്കുന്നതും ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതുമായ പ്രവർത്തനങ്ങളും കൃഷി വകുപ്പിൽനിന്നാണ് സ്വീകരിച്ചിട്ടുള്ളത്. ഡാറ്റാ ബാങ്കുകൾ മിക്കവാറും തയ്യാറാക്കി. അത് അന്തിമ ഘട്ടത്തിലാണ്. നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടുള്ള ഏതൊരു പ്രവൃത്തിയും കൃഷി ഓഫീസർമാർ ആർ.ഡി.ഒ.-മാർക്ക് റിപ്പോർട്ട് ചെയ്യുന്നതും ആർ.ഡി.ഒ. നിയമ ലംഘനം തടയുന്നതിനായി കർശന നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. നിയമലംഘനം തടയുന്നതിന് വീഴ്ച വരുത്തിയ തൃശ്ശൂർ, തിരുവല്ല ആർ.ഡി.ഒ. മാരേയും അതുപോലെ ചില വില്ലേജ് ഓഫീസർമാരേയും ഇതിനകംതന്നെ സസ്പെന്റ് ചെയ്ത് അവരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത നിയമം അനുസരിച്ച്, നെൽവയൽ

LIBRARY ARCHIVES Kerala Legislative Assembly

നീർത്തട സംരക്ഷണ നിയമം അനുസരിച്ച് സംസ്ഥാനത്ത് ഇതുവരെയായി ആയിരത്തി ഒരുന്നൂറോളം കേസ്സുകൾ ചാർജ് ചെയ്തിട്ടുണ്ട്. നിയമ വിരുദ്ധമായി നികത്തിയ നെൽപ്പാടങ്ങൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് നിയമ മനുസരിച്ചുതന്നെ ഉത്തരവിട്ടിട്ടുണ്ട്. തൃശ്ശൂർ പട്ടണത്തിൽ 25 ഏക്കറോളം വരുന്ന ഭൂമിയിൽ നിലം നികത്തിയതിനെ തുടർന്ന് ശക്തമായ നടപടി സ്വീകരിക്കുകയും ഹൈക്കോടതി സിംഗിൾ ബഞ്ചും ഡിവിഷൻ ബഞ്ചുമെല്ലാം ഗവൺമെന്റും റവന്യൂ ഡിപ്പാർട്ടുമെന്റും എടുത്ത എല്ലാ നടപടികളും ശരിവയ്ക്കുകയും നികത്തിയ സ്ഥലം മുഴുവൻ പൂർവ്വസ്ഥിതിയിലാക്കുകയും ആ മണ്ണ് മുഴുവൻ അവിടെ നിന്ന് നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. ശ്രീ. ജോർജ് തൃശ്ശൂർ ടൗണിൽ പോയി കാണണം. മിക്കവാറും ജില്ലകളിൽ ഇപ്പോൾ പൂർവ്വസ്ഥിതിയിലാക്കുന്ന നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഈ നിയമം നടപ്പിലാക്കിയതിനെ തുടർന്നാണ് നെൽക്കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതിയും നെല്ലുല്പാദനവും വർദ്ധിച്ചത്. നിയമത്തിന്റെ ഇംപ്ലിമെന്റേഷൻ കൃഷി വകുപ്പും നിയമപരമായ മറ്റ് ബന്ധപ്പെട്ട കാര്യങ്ങൾ റവന്യൂ വകുപ്പുമാണ് ചെയ്യുന്നത ആക്കുളം കായലിനെക്കുറിച്ച് എഴുതി തന്നിരുന്നുവെങ്കിൽ കുറച്ചുകൂടി വിശദമായി കാര്യങ്ങൾ പറയാമായിരുന്നു. ആക്കുളത്തെ തണ്ണീർത്തടം നികത്തുന്നത് - ആക്കുളം ആയാലും മറ്റ് കായലുകളായാലും വെള്ളായണി കായലായാലും അതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്ന് തന്നെയാണ് ഗവൺമെന്റ് നയം. കർശനമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഏതെങ്കിലും തരത്തിൽ അതിന് വീഴ്ച വന്നിട്ടുണ്ടെങ്കിൽ അത് പരിശോധിക്കുന്നതാണ്. അത് നികത്തുന്നതിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(4) വാദ്യ കലാകാരന്മാർക്ക് ക്ഷേമനിധി

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കേരളത്തിലെ അഞ്ചു ലക്ഷത്തോളം വരുന്ന വാദ്യ കലാകാരന്മാർ ഉത്സവകാലങ്ങളിൽ വരുമാനമുള്ളവരാണെങ്കിലും ഓഫ് സീസണുകളിൽ ജീവിക്കുവാൻ വളരെ ബുദ്ധിമുട്ടുന്നവരാണ്. അതുകൊണ്ട് ഇവരുടെ ജീവിതം രക്ഷപ്പെടുത്താൻ ഉതകുന്ന ഒരു ക്ഷേമനിധി ഏർപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): ബഹുമാനപ്പെട്ട അംഗത്തിന്റെ ആവശ്യം, സംസ്ഥാന ഗവൺമെന്റ് സാംസ്ക്കാരിക വകുപ്പിൽ സമഗ്രമായ കലാകാര ക്ഷേമനിധി രൂപവൽക്കരിക്കുന്നതോടുകൂടി പരിഹരിക്കപ്പെടുന്നതാണ്. ക്ഷേമനിധി വളരെവേഗം പ്രാബല്യത്തിൽ വരുന്നതാണ്.

(5) മഴമൂലമുണ്ടായ നാശനഷ്ടങ്ങൾ

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, കഴിഞ്ഞ രണ്ടാഴ്ചക്കാലമായി കാസർകോട്, കണ്ണൂർ ജില്ലകളിൽ അതിശക്തമായ മഴ തുടരുകയാണ്. ഇതിന്റെ ഫലമായി നൂറു കണക്കിന് ഹെക്ടർ നെൽകൃഷി ഇതിനകം നശിച്ചുകഴിഞ്ഞു. ഇരുപത്തിയഞ്ചോളം വീടുകൾ പൂർണ്ണമായി നഷ്ടപ്പെടുകയും ഏതാണ്ട് മുന്നൂറോളം വീടുകൾ ഭാഗികമായി തകരുകയും ചെയ്തു. മൂന്ന് ആളുകൾ

LIBRARY ARCHIVES Kerala Legislative Assembly